# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ മാർഗരറ്റ്



പാപിനിയായിരുന്നിട്ടും യേശു തന്റെ സ്നേഹത്തിലേക്ക് വിളിച്ചുചേർത്ത മഗ്ദലേനമറിയത്തെപ്പോലെ അനുതാപത്തിന്റെ കണ്ണുനീരിലൂടെ വിശുദ്ധിയുടെ പാത നടന്നുകയറിയവളാണ് മാർഗരറ്റ്.ലവിയാനോ നഗരത്തിൽ കൂടുതലും കൃഷിക്കാരായിരുന്നു. 1247 ലാണ് മാർഗരറ്റിന്റെ ജനനം. ഏഴു വർഷത്തോളം വളരെ സന്തോഷകരമായ ജീവിതമാണ് അവൾ നയിച്ചത്. സ്നേഹമുള്ള അപ്പനും അമ്മയും എല്ലാ സഹായവും ചെയ്തുകൊടുക്കുവാനായി അവളുടെ സമീപത്തുണ്ടായിരുന്നു. മാർഗരറ്റിന് ഏഴുവയസ്സുണ്ടായിരുന്നപ്പോൾ അവളുടെ അമ്മ മരിച്ചു. അമ്മയില്ലാതെ വളരേണ്ടി വന്നത് മാർഗരറ്റിന്റെ ജീവിതത്തിൽ പിന്നീട് വലിയ പ്രതിസന്ധികൾക്ക് കാരണമായി. അമ്മയുടെ കരുതലും സ്നേഹവും നഷ്ടമായത് മാർഗരറ്റിനെ വല്ലാതെ വേദനിപ്പിച്ചു. കുടുംബത്തിലെ ചുമതലകളെല്ലാം മാർഗരറ്റിന്റെ ശിരസ്സിലായി. അങ്ങനെയിരിക്കെ അവളുടെ പിതാവ് രണ്ടാമതും വിവാഹം കഴിച്ചു. ആ സ്ത്രീയാകട്ടെ മാർഗരറ്റിന്റെ അമ്മയുടെ സ്വഭാവത്തിന് നേരെ വിപരീത സ്വഭാവമുള്ളവളായിരുന്നു. രണ്ടാനമ്മ മാർഗരറ്റിനെ പീഡിപ്പിക്കുകയും എല്ലായ്പ്പോഴും കുറ്റപ്പെടുത്തുകയും ചെയ്തു. പിതാവാകട്ടെ തന്റെ പുതിയ ഭാര്യയെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി സ്വന്തം മകളെ അൽപം അകൽച്ചയോടെ കാണുകയും ചെയ്തു. അത്ഭുതകരമായ സൗന്ദര്യത്തിനുടമയായിരുന്ന യുവതിയായ മാർഗരറ്റ്. ആ നാളുകളിൽ ഗ്രാമത്തിലെത്തിയ ഒരു പ്രഭുവുമായി അവൾ പ്രണയത്തിലായി. എന്നാൽ പ്രഭുവിന്റെ തിരിച്ചുള്ള സ്നേഹം അത്ര നിഷ്കളങ്കമായിരുന്നില്ല. കുടുംബത്തിൽനിന്ന് സ്നേഹം ലഭിക്കാതായപ്പോൾ പുറത്തുള്ള സ്നേഹം തിരഞ്ഞ് മാർഗരറ്റ് പോകുകയാണുണ്ടായത്. വിവാഹം കഴിക്കാമെന്നും തന്റെ കൊട്ടാരത്തിൽ പോയി സുഖമായി ജീവിക്കാമെന്നും പ്രഭു അവൾക്ക് വാഗ്ദാനം നൽകി. അവൾ അയാളെ വിശ്വസിച്ചു.

അങ്ങനെ അവൾ പ്രഭുവിന്റെകൂടെ യാത്രയായി. വിവാഹം നടന്നില്ല. അത് എപ്പോഴും നീട്ടിവച്ചുകൊണ്ടിരുന്നു. ഒൻപത് വർഷത്തോളം അവർ ഒരുമിച്ച് താമസിച്ചുവെങ്കിലും വിവാഹം കഴിച്ചില്ല. ഒരു കുഞ്ഞും ജനിച്ചു. പ്രഭു അവളെ മനോഹരമായ വസ്ത്രങ്ങൾ അണിയിക്കുകയും അവൾക്കും കുഞ്ഞിനും ആവശ്യമായതെല്ലാം നൽകുകയും ചെയ്തു. വിവാഹം കഴിക്കാതെ ജീവിച്ചതിനാൽ ജനം അവളെ വെറുക്കുകയും മോശം സ്ത്രീയായി ചിത്രീകരിക്കുകയും ചെയ്തു. അങ്ങനെയിരിക്കെ ഒരു ദിവസം സ്ഥലത്തിന്റെ കാര്യങ്ങൾ അന്വേഷിക്കാൻ പോയ പ്രഭു രാത്രിയിൽ മടങ്ങിവന്നില്ല. രണ്ടു ദിവസങ്ങൾ കഴിഞ്ഞിട്ടും അദ്ദേഹം മടങ്ങിവരാതായപ്പോൾ മാർഗരറ്റ് ആകുലയായി. അവൾ വീട്ടിൽ വളർത്തിയിരുന്ന നായ അവളെ വസ്ത്രത്തിൽ കടിച്ച് വലിച്ചുകൊണ്ട് തോട്ടത്തിലേക്ക് പോയി. അവിടെ കൊല്ലപ്പെട്ട്,

മറവുചെയ്യപ്പെട്ടിരുന്ന പ്രഭുവിന്റെ ശരീരമാണ് അവൾക്ക് കാണാനായത്. ശത്രുക്കൾ അദ്ദേഹത്തെ ക്രൂരമായി മർദ്ദിച്ചു വധിച്ചിരുന്നു. തന്റെ പാപത്തിനുള്ള ശിക്ഷയാണിതെന്ന് അവൾ വിശ്വസിച്ചു. ദൈവത്തിന്റെ കരം തന്റെമേൽ പതിച്ചിരിക്കുന്നുവെന്ന് അവൾ കരുതി. ദൈവത്തിന്റെ ശിക്ഷണത്തിന്റെ ഭാഗമായിട്ടാണ് പ്രസ്തുത സംഭവത്തെ മാർഗരറ്റ് ജീവിതകാലം മുഴുവൻ കണ്ടത്.

പിന്നീടുള്ള തന്റെ ഇരുപത്തിയൊൻപത് വർഷത്തെ ജീവിതത്തിനിടയിലും ഈ സംഭവത്തെക്കുറിച്ച് ഓർമ്മിക്കുമ്പോൾ, താൻ ചെയ്ത തെറ്റിനുള്ള പരിഹാരമായിരുന്നു അത് എന്നവൾ പറയുമായിരുന്നു. പിന്നീട് അവൾ തന്റെ ഗ്രാമത്തിലേക്ക് തിരികെപോന്നു. പ്രഭു അവൾക്ക് നൽകിയിരുന്ന സകല സ്വത്തുക്കളും അവൾ തിരികെ അദ്ദേഹത്തിന്റെ കുടുംബത്തിന് നൽകി. കുഞ്ഞിനെയുമായി എത്തിയ അവളെ പിതാവ് സ്വീകരിച്ചില്ല. അവൾക്കു മുൻപിൽ എല്ലാ വാതിലുകളും കൊട്ടിയടയ്ക്കപ്പെട്ടു. അങ്ങനെ കൊർത്തോണയിൽ ദയാലുക്കളായ സന്യാസികൾ താമസിക്കുന്നുവെന്നറിഞ്ഞ് അവൾ അവിടേയ്ക്ക് പോയി. അവർ അവളെ സ്വീകരിച്ചു. വർഷങ്ങൾ നീണ്ട പ്രാർത്ഥനയ്ക്കും ശുദ്ധീകരണത്തിനും ശേഷം പിന്നീടൊരിക്കൽ കൂടി അവൾ ഈ ഗ്രാമത്തിലെത്തി. ഗ്രാമത്തിൽ അങ്ങുമിങ്ങും എല്ലാ വീടുകളുടേയും മുൻപിൽകൂടി ഒരു യാചകിയെപ്പോലെ അവൾ കരഞ്ഞുകൊണ്ട് നടന്നു. എന്തിനെന്നോ, തന്റെ ദുർമ്മാതൃക ക്ഷമിക്കണമെന്നും പാപം ക്ഷമിക്കണമെന്നും ഗ്രാമവാസികളോട് അപേക്ഷിക്കാൻ. അങ്ങനെ നടക്കുമ്പോൾ രണ്ടു സന്യാസിനികൾ അവളെ കാണുകയും അവരുടെ ഭവനത്തിൽ അവൾക്ക് അഭയം നൽകുകയും ചെയ്തു.

ഫ്രാൻസിസ്കൻ സന്യാസികളുടെ അടുത്തെത്തിയ അവൾക്ക് ആദ്ധ്യാത്മിക ഉപദേശവും പ്രാർത്ഥനകളും ലഭിച്ചു. മാർഗരറ്റ് എക്കാലത്തും അനുതാപമുള്ള ഒരു ജീവിതമാണ് നയിച്ചത്. തന്റെ കഴിഞ്ഞ കാലത്ത് വന്നുപോയ പാപങ്ങളോർത്ത് അവൾ എന്നും കണ്ണീർ വാർത്തിരുന്നു. എപ്പോഴും പാപിയാണെന്ന് പറയുന്നത് അവസാനിപ്പിക്കുവാൻ സമയമായില്ലേ എന്നുള്ള ആത്മീയ പിതാവിന്റെ ചോദ്യത്തിന് മാർഗരറ്റ് നൽകിയ മറുപടിയിതായിരുന്നു. "പാപം ചെയ്തു പോയതിൽ എന്റെ ഉള്ളിലുള്ള ദു:ഖം നിങ്ങൾക്ക് അറിയാനാവില്ല, പാപത്തിന്റെ ഭാരം എത്രയോ വലുതാണ്. മാത്രമല്ല, എന്റെ പ്രലോഭനങ്ങളെ അതിജീവിക്കുന്നതിനും വിശുദ്ധിയിൽ വളരുന്നതിനും ഞാൻ എളിമപ്പെടേണ്ടത് വളരെ അത്യാവശ്യമാണ്. എനിക്കില്ലാത്ത നന്മ ഞാനെങ്ങനെ ഉണ്ടെന്ന് ഭാവിക്കും. അപ്പോൾ ഞാൻ വീണ്ടും തെറ്റുകാരിയാവുകയല്ലേ". തന്റെ സൗന്ദര്യമാണ് പ്രലോഭനങ്ങൾക്ക് ഇടനൽകുവാനുള്ള ഒരു കാരണമെന്നറിഞ്ഞ് മുഖം വികൃതമാക്കുവാൻ പോലും അവൾ തയ്യാറായിരുന്നു. എന്നാൽ ആത്മീയപിതാക്കന്മാർ അതിൽനിന്ന് തടഞ്ഞു. പ്രായശ്ചിത്തമനുഷ്ഠിക്കുന്നത് അവൾക്ക് ഏറെ പ്രിയമുള്ള കാര്യമായിരുന്നു. ശരീരത്തെ അതികഠിനമായി പീഡിപ്പിക്കുമ്പോൾ സന്യാസികൾ വിലക്കും. അപ്പോൾ അവൾ വീണ്ടും പറയും "ജഡത്തിന്റെ ദുഷിച്ച ശക്തി നിങ്ങൾക്ക് അറിയില്ലാത്തതിനാലാണ്".

അങ്ങനെ കഠിനമായ തപശ്ചര്യകൾക്കൊടുവിൽ നോവിഷ്യേറ്റ് പഠനം പൂർത്തിയാക്കി അവൾ ഫ്രാൻസിസ്കൻ മൂന്നാംസഭയിൽ സഭാവസ്ത്രം സ്വീകരിച്ചു. വിശുദ്ധ ജീവിതത്തിനായി തന്നെത്തന്നെ സമർപ്പിക്കുകമാത്രമായിരുന്നു അവളുടെ ലക്ഷ്യം. ഗ്രാമത്തിലൂടെ ചുറ്റിനടന്നപ്പോൾ ഏറ്റെടുക്കേണ്ടിവന്ന തിരസ്കരണവും നൊമ്പരവും മനസ്സിൽ കണ്ടുകൊണ്ട് ദരിദ്രരോടും പാപികളോടും വലിയ സ്നേഹമാണ് അവൾ കാട്ടിയിരുന്നത്. പാവപ്പെട്ടവർക്കു വേണ്ടി ഒരു ആശുപത്രി സ്ഥാപിക്കാനും അവൾക്കായി. അവിടെയെത്തുന്ന സകലർക്കും സഹായം ലഭിക്കുമായിരുന്നു. പണമില്ലാത്തതോ, സമൂഹത്തിൽ സ്ഥാനമില്ലാത്തതോ ഒന്നും ഒരു പ്രശ്നമായിരുന്നില്ല. ദൈവഹിതം നിറവേറ്റുക എന്നതൊഴികെ മാർഗരറ്റിന്റെ ജീവിതത്തിൽ പിൽക്കാലത്ത് യാതൊരു ആഗ്രഹവും ഉണ്ടായിരുന്നില്ല. അത്രമേൽ ലോകത്തോട് വിടപറയുവാനും ആത്മീയമായി വളരുവാനും അവൾക്ക് കൃപ ലഭിച്ചു. പാവപ്പെട്ടവരെയും രോഗികളെയും പരിചരിക്കുന്നതിൽ അതിയായ തീക്ഷ്ണതയാണ് മാർഗരറ്റ് കാണിച്ചത്. വി. ഫ്രാൻസിസ് അസ്സീസിയെപ്പോലെ ലോകത്തോട് പൂർണമായും വിട പറഞ്ഞൊരു ജീവിതമായിരുന്നു അവളുടേത്. ഭക്ഷണം വളരെ കുറച്ച്, ജീവൻ നിലനിറുത്താൻ മാത്രമുള്ളത്, എപ്പോഴെങ്കിലും കഴിക്കും.

ദൈവിക കാര്യങ്ങൾക്കും സഹോദര സേവനത്തിനും വേണ്ടി മാറ്റിവച്ച ജീവിതം. അവൾ സ്വയം മറന്നു എന്നു പറയുന്നതാവും ശരി. ശരീരത്തിന്റെ അഭിലാഷങ്ങൾക്ക് മാർഗരറ്റ് തെല്ലും പ്രാധാന്യം നൽകിയില്ല. ഈശോ പലപ്പോഴും കുരിശിൽനിന്നും അവളോട് സംസാരിക്കുമായിരുന്നു. ഒരിക്കൽ അവിടുന്ന് അവളോട് പറഞ്ഞു "എന്റെ പ്രിയപ്പെട്ട ഫ്രാൻസിസിന്റെ സഭയിലെ മൂന്നാമത്തെ പ്രകാശമാണ് നീ.

ഫ്രാൻസിസായിരുന്ന ഒന്നാമൻ. ക്ലാര രണ്ടാമത്തെ പ്രകാശം. അനുതാപികളുടെ സമൂഹത്തിൽ നീയാണ് മൂന്നാമത്തെ പ്രകാശം.'' അവളുടെ അനുതാപ ചൈതന്യത്തിലൂടെ അനേകരെ ദൈവം തന്റെ പക്കലേക്ക് ആകർഷിച്ചു. ആരും തങ്ങളോട് ക്ഷമിക്കുകയില്ല എന്നു കരുതിയ അനേകം കഠിനപാപികൾ മാർഗരറ്റിന്റെ കഥ കേട്ട്, അവളുടെ ദൈവസ്നേഹം കണ്ട്, വിശുദ്ധജീവിതം നയിക്കുവാൻ തയ്യാറായി. മാർഗരറ്റിന്റെ ജീവിതത്തെ ഉയർത്തിയ ദൈവം തങ്ങളുടെ ജീവനെയും കരുണയോടെ വീക്ഷിക്കുമെന്ന് അനേകർ തിരിച്ചറിഞ്ഞു. അനേകവർഷങ്ങളായി കൂദാശകളിൽനിന്ന് അകന്നിരുന്നവർ സഭാത്മക ജീവിതത്തിലേക്ക് തിരികെ വന്നു. ദൈവം തങ്ങളെയും കാരുണ്യപൂർവം വീക്ഷിക്കുമെന്നും തങ്ങളുടെ പാപങ്ങൾക്ക് മോചനം ലഭിക്കുമെന്നും മാർഗരറ്റിന്റെ ജീവിതം കണ്ട് അവർ മനസ്സിലാക്കി.

ഒരു വിശുദ്ധയാകുക, വിശുദ്ധനാകുക എന്നുള്ളത് ആർക്കും അസാധ്യമല്ലെന്നുള്ള സന്ദേശമാണ് മാർഗരറ്റിന്റെ ജീവിതം അവർക്ക് നൽകിയത്. രോഗികളെയും പാവപ്പെട്ടവരെയും പരിചരിച്ചുകൊണ്ട് ഒരു കൊച്ചുകുടിലിലാണ് മാർഗരറ്റ് കഴിച്ചുകൂട്ടിയത്. എന്നാൽ അസൂയ പൂണ്ട മനുഷ്യർ മാർഗരറ്റ് ഒരു ചീത്തസ്ത്രീയാണെന്ന് വരുത്തിത്തീർക്കുന്നതിനുള്ള കുപ്രചരണങ്ങൾ നടത്തുവാൻ തുടങ്ങി. അങ്ങനെ മാർഗരറ്റിന്റെ അടുക്കലെത്തുന്നവരുടെ പേരുപോലും മോശമാകുന്ന സ്ഥിതിയെത്തി. അപ്പോൾ സകലരും അവളെ ഒഴിവാക്കി. ആരും അവളുടെ ആത്മീയ ഉപദേശങ്ങളും സഹായങ്ങളും തേടാതായി. ഫ്രാൻസിസ്കൻ സന്യാസികൾ പോലും അവളുമായി സംസാരിക്കുവാൻ മടിച്ചു. കുമ്പസാരക്കാരനിൽ നിന്ന് പോലും വളരെ ദൂരെ ഒരു സ്ഥലത്തേക്ക് മാർഗരറ്റിനെ അവർ മാറ്റിത്താമസിപ്പിച്ചു. മരണത്തിന് അൽപം മുൻപുമാത്രമാണ് അദ്ദേഹത്തിന് പോലും പിന്നീട് അവളെ കാണാനായത്. ഒറ്റപ്പെടുത്തി, അകലെ ഒരു സ്ഥലത്തേക്ക് അയയ്ക്കപ്പെട്ടപ്പോൾ അവൾ പരാതി പറയാതെ എല്ലാം സഹിച്ചു. എല്ലാവർക്കും വേണ്ടി ഉള്ളുരുകി പ്രാർത്ഥിച്ചു. എല്ലാവരും അവളെ ഉപേക്ഷിച്ചപ്പോൾ ദൈവത്തെ കൂടുതൽ അനുഭവിക്കുന്നതിനും ലോകത്തിന് മുഴുവനുംവേണ്ടി പ്രാർത്ഥിക്കുന്നതിനും അവൾക്ക് സാധിച്ചു. ഇത്തരം അനുഭവങ്ങൾ വേദനയുണ്ടാക്കിയെങ്കിലും ദൈവവുമായുള്ള അവളുടെ ബന്ധത്തിലൂടെ അതിനെല്ലാം അർത്ഥവും വ്യാപ്തിയും കൈവരുത്തുവാൻ അവൾക്കായി.

ലോകമോഹങ്ങളും ആഗ്രഹങ്ങളും ഹനിക്കപ്പെടുന്നതായി മാത്രമാണ് അവൾക്ക് തോന്നിയത്. അതെല്ലാം ആഴമായ ദൈവസ്നേഹത്തിന് വഴിതെളിച്ചു. ദൈവത്തെ കൂടുതൽ സ്നേഹിക്കുന്നതിനുള്ള അവസരങ്ങൾ ഒരുങ്ങിയപ്പോൾ ദർശനങ്ങളും വെളിപാടുകളും ധാരാളമായി അവൾക്ക് ലഭിച്ചു. നശിച്ചുപോകുന്ന ആത്മാക്കളോടുള്ള സ്നേഹത്താൽ അവളുടെ ഹൃദയം ജ്വലിച്ചു. മാർഗരറ്റിന്റെ മാതാപിതാക്കൾ നേരത്തെ മരിച്ചിരുന്നു. അവർ സ്വർഗത്തിൽ പോയി എന്ന് ഉറപ്പുവരുത്തുന്നതിനുള്ള ആഗ്രഹം അവളുടെ ഉള്ളിൽ ഉദിച്ചു. അതുപോലെതന്നെ തന്റെകൂടെ വർഷങ്ങളോളം ജീവിച്ച പ്രഭുവും സ്വർഗത്തിൽ പോയിക്കാണാൻ അവൾ ആഗ്രഹിച്ചു. അതിനായി എല്ലാ ത്യാഗങ്ങളും വേദനകളും അവൾ ദിവ്യനാഥന്റെ സവിധത്തിൽ സമർപ്പിച്ചു. ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കൾക്കു വേണ്ടി നിരന്തരം പ്രാർത്ഥിക്കുവാനും ദിവ്യബലി മധ്യേ അവർക്കു വേണ്ടി യാചിക്കുവാനും മാർഗരറ്റിനുള്ള തീക്ഷ്ണത വളരെ വലുതായിരുന്നു. എല്ലാ വിശുദ്ധരുടെയും ജീവിതത്തിൽ നാം കണ്ടെത്തുന്ന ഒരു കാര്യമാണ് ദിവ്യബലിമധ്യേ അവർ ശുദ്ധീകരണ സ്ഥലത്തെ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു എന്നത്. അങ്ങനെ മരിച്ചുപോയ അനേകം ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുവാനുള്ള പ്രചോദനം മാർഗരറ്റിന് ലഭിക്കുമായിരുന്നു. തങ്ങളുടെ ജീവിതകാലത്ത് യഥാർത്ഥ മനസ്താപത്തോടെ കുമ്പസാരിക്കുവാൻ സാധിക്കാത്ത അനേകം പാപികളെ ശുദ്ധീകരണസ്ഥലത്ത്വച്ച് തന്റെ പ്രാർത്ഥനയിലൂടെ സഹായിക്കുവാൻ അവൾക്ക് സാധിച്ചു. മാത്രമല്ല, മരിച്ചുപോയ ആത്മാക്കൾചെയ്ത അനീതിയുടെ കാഠിന്യം പേറുന്നവർക്ക് അവരുടെ ബന്ധുക്കളിലൂടെ തന്നെ സഹായം എത്തിച്ചുകൊടുക്കുന്നതിനും അങ്ങനെ മരിച്ച ആത്മാക്കളുടെ പാപത്തിന്റെ ഭാരം കുറയ്ക്കുന്നതിനും മാർഗരറ്റ് ശ്രമിച്ചു.

മാർഗരറ്റിന്റെ സ്വർഗീയദർശനങ്ങളിലൂടെയും അതിൽ നിന്നുത്ഭവിച്ച സത്പ്രവൃത്തികളിലൂടെയും അനേകർ ദൈവതിരുമുൻപിൽ നീതി സമ്പാദിച്ചു. ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ സ്വർഗത്തിൽ സുഹൃത്തുക്കളെ സമ്പാദിക്കുകയാണ് നാം ചെയ്യുന്നത്. തന്നെ വേദനിപ്പിച്ചവർക്കും ദ്രോഹിച്ചവർക്കും വേണ്ടിയും അവൾ പ്രാർത്ഥിച്ചു. ഈ ലോകജീവിതം വിശകലനം ചെയ്താൽ നരകത്തിൽ നിപതിക്കുകയേ ഉള്ളൂ എന്ന് പലരും വിധിയെഴുതിയ അനേകർക്കുവേണ്ടി മാർഗരറ്റ് ദൈവതിരുമുൻപിൽ വാദിച്ചു. നീതിമാനായ ദൈവം കരുണ കാട്ടുന്നതിനായി യാചിച്ചു. പാപം മനുഷ്യന്റെ ബലഹീനതയാണെന്ന് അവൾ അറിഞ്ഞിരുന്നു. അതിനാൽ തന്നെ ദൈവത്തിന്റെ കരുണ

ചോദിക്കുന്നതിന് അവൾ മടിച്ചില്ല. തന്നെത്തന്നെ കൂടുതൽ എളിമപ്പെടുത്തുകയും പരിഹാരം ചെയ്യുകയും ചെയ്തു. അവളുടെ ജീവിതത്തിലെ ആത്മീയ അന്ധകാരവും, നിരാശയും ദൈവസാന്നിധ്യം അനുഭവിക്കാൻ പോലുമാവാത്ത അവസ്ഥയുമെല്ലാം ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്കുവേണ്ടി അവൾ കാഴ്ചവച്ചു. ആത്മീയ അനുഭൂതികൾ പോലും അവൾ ആഗ്രഹിച്ചില്ല. സ്വയം നല്ലവളെന്ന് തോന്നുന്നതിന് ഇട നൽകിയില്ല.

ദൈവസാന്നിധ്യം അകന്നുനിൽക്കുന്നത് തന്റെ കുറവുകൊണ്ടാണെന്ന് മനസ്സിലാക്കി, അവൾ സ്വയം എളിമപ്പെടുത്തി. സ്വയം ശൂന്യമാക്കി യാതൊന്നും ആഗ്രഹിക്കാതെ നിലകൊണ്ട അവളുടെ ജീവിതത്തിൽ ആത്മീയതയുടെ ഉന്നതമായ ഒരു തലം വെളിപ്പെട്ടു. മാർഗരറ്റിന്റെ മരണസമയത്ത് അവളോടൊപ്പം അനേക സ്വർഗവാസികൾ പറന്നുയരുന്നത് ജനം കണ്ടു. അവളുടെ പ്രാർത്ഥനകളെയും ത്യാഗങ്ങളെയും യേശുവിന്റെ യോഗ്യതകളോട് ചേർത്ത് നിത്യപിതാവിന് സമർപ്പിച്ചപ്പോൾ സ്വതന്ത്രമായ ആത്മാക്കളാവണം അത്. 1922 സെപ്റ്റംബർ 23 ന് മാർഗരറ്റ് ആഘോഷാരവങ്ങളോടെ ലവിയാനോയിലെത്തി. ഗ്രാമവാസികൾ അവളെ ജീവിത കാലത്ത് ഉപേക്ഷിച്ചിരുന്നുവെങ്കിലും മരണശേഷം അവൾ അവരുടെ സ്വന്തമായി. ജീവിതകാലത്ത് അവളുടെ തെറ്റ് ആരും ക്ഷമിച്ചില്ല. ദൈവമൊഴികെ സകലരും അവളെ മരണംവരെ കുറ്റക്കാരിയായി ചിത്രീകരിച്ചിരുന്നു. താൻ ഒരു പാപിയും ബലഹീനയുമാണെന്ന് സ്വയം കരുതിയിരുന്നതിനാൽ ജീവിതകാലം മുഴുവൻ എളിമയോടെ ജീവിക്കുവാൻ മാർഗരറ്റിന് സാധിച്ചു. സുവിശേഷത്തിൽ നാം കാണുന്ന പാപിനിയായ സ്ത്രീയുടെ പ്രതീകമായി മാർഗരറ്റ് നമ്മുടെ മുൻപിൽ നിൽക്കുകയാണ്. ദൈവത്തിന്റെ കരുണ ഏവരെയും ചേർത്തുനിർത്തുകയും സ്നേഹത്തിൽ വളർത്തുകയും ചെയ്യുന്നതിന്റെ ഉത്തമ ഉദാഹരണമാണ് കൊർത്തോണയിലെ വി. മാർഗരറ്റിന്റെ ജീവിത കഥ.

വിശുദ്ധ മാർഗരറ്റ്, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ…